**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2012** **29-07-2021 - ൽ മറുപടിയ്ക്ക്**

**ഇരിക്കൂർ മണ്ഡലത്തിലെ വിദ്യാതരംഗിണി വായ്പകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | **Shri. V. N. Vasavan**<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | ഇരിക്കൂർ നിയോജക മണ്ഡലത്തിലെ എത്ര വിദ്യാർഥികൾ വിദ്യാതരംഗിണി വായ്പയ്ക്കായി അപേക്ഷ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇവരിൽ എത്ര പേർക്ക് വായ്പ അനുവദിച്ചിട്ടുണ്ടെന്നു അറിയിക്കാമോ; | (എ) | ഇരിക്കൂർ നിയോജക മണ്ഡലത്തിൽ 517 വിദ്യാർത്ഥികൾ വിദ്യാതരംഗിണി വായ്പക്കായി അപേക്ഷ നൽകിയിട്ടുണ്ട്. ഇവരിൽ 170 പേർക്ക് വായ്പ നൽകിയിട്ടുണ്ട്. |
| (ബി) | വായ്പയ്ക്ക് അർഹരായവരെ കണ്ടെത്താൻ സഹകരണ ബാങ്കുകൾ സ്വീകരിച്ച മാർഗ്ഗങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (ബി) | വായ്പ നൽകുന്നതുമായി ബന്ധപ്പെട്ട് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. അപേക്ഷകർ സഹകരണ സംഘത്തിലെ 'എ ക്ലാസ് / 'സി ക്ലാസ്' അംഗങ്ങൾ ആയിരിക്കണം. മെമ്പർഷിപ്പിനുള്ള അപേക്ഷയും വായ്പയുടെ അപേക്ഷയും ഒന്നിച്ച സംഘത്തിൽ നൽകാവുന്നതാണ്. 31.07.2021 വരെ ലഭ്യമാകുന്ന മെമ്പർഷിപ്പിനുള്ള എല്ലാ അപേക്ഷയും പരിഗണിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. സഹകരണ സ്ഥാപനത്തിന്റെ പരിധിയിൽ വരുന്ന അർഹരായ വിദ്യാർത്ഥികളുടെ ആവശ്യത്തിന് സംഘം / ബാങ്ക് തുക അനുവദിക്കുന്നതിന് ബന്ധപ്പെട്ട സ്കൂൾ അധികാരികളുടെ സാക്ഷ്യപത്രം ആവശ്യമാണ്. ഈ വിവരങ്ങൾ എല്ലാം തന്നെ സംഘങ്ങളുടെ നോട്ടീസ് ബോർഡിൽ പതിച്ചിരുന്നു. ഇപ്രകാരമാണ് വിദ്യാതരംഗിണി വായ്പയ്ക്ക് അർഹരായ വരെ സഹകരണ ബാങ്കുകൾ കണ്ടെത്തിയത്. |
| (സി) | പ്രസ്തുത വായ്പയ്ക്ക് റിസ്ക് ഫണ്ട് പദ്ധതിയുടെ പരിരക്ഷ ലഭിക്കുമോ; ഇല്ലെങ്കിൽ ആയതു ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ ? | (സി) | നിലവിൽ വിദ്യാതരംഗിണി വായ്പക്ക് റിസ്ക് ഫണ്ട് പദ്ധതിയുടെ പരിരക്ഷ ലഭിക്കില്ല. ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ